## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

13.02.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2376

### സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഗ്യാരണ്ടി കമ്മീഷനിൽ നിന്നും ഒഴിവാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഗ്യാരണ്ടി കമ്മീഷനിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഗ്യാരണ്ടി കമ്മീഷനിൽ നിന്നും ഇതുവരെ പൂർണ്ണമായി ഒഴിവാക്കിയിട്ടില്ല. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കാര്യത്തിൽ 0.75% നിരക്കിന് പകരം കുറഞ്ഞ നിരക്കിൽ ഒറ്റത്തവണ വ്യവസ്ഥയിൽ ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്നതിന് അനുവദിക്കത്തക്ക വിധത്തിൽ 2003 ലെ ഗവൺമെന്റ് ഗ്യാരന്റി പരമാവധി ആക്ടിലും സർക്കാർ ഉത്തരവിലും വേണ്ട ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തത്വത്തിൽ ധാരണയായിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) 2003 ലെ ഗവൺമെന്റ് ഗ്യാരന്റിയുടെ പരമാവധി ആക്ട് (Ceiling on Government Guarantee Act 2003) പ്രകാരം ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് അധിക ഗ്യാരന്റി നൽകുവാൻ വ്യവസ്ഥയില്ല. ബാങ്കിന് അനുവദിച്ചിട്ടുള്ള ഗ്യാരന്റി പൂർണ്ണമായി ഉപയോഗിച്ചിരിക്കുന്നതിനാൽ അധിക ഗ്യാരന്റി ലഭിക്കാതെ നബാർഡിൽ നിന്നും പുനർ |

വായ്പയെടുത്ത് സംസ്ഥാനത്തെ ചെറുകിട കർഷകർക്ക് വായ്പ നൽകുവാൻ ബാങ്കിന് കഴിയാത്ത സാഹചര്യമുണ്ട്. മാത്രവുമല്ല കുടിശ്ശികയായ ഗ്യാരന്റി കമ്മീഷൻ തുക മുഴുവൻ ബാങ്കിന്റെ ലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തിയാൽ ബാങ്ക് വലിയ നഷ്ടത്തിലാവുകയും നബാർഡ് മുതലായ പുനർവായ്പ സ്ഥാപനങ്ങൾ ബാങ്കിന് വായ്പ നിഷേധിക്കുന്ന സ്ഥിതി വിശേഷം സംജാതമാക്കുകയും ബാങ്കിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ ബാങ്കിന്റെ ആവശ്യം പരിഗണിച്ചാണ് സർക്കാർ മേൽ നടപടികൾ പരിഗണിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വർഷങ്ങളിൽ ബാങ്ക് സർക്കാരിലേയ്ക്ക് നൽകേണ്ട ഗ്യാരണ്ടി കമ്മീഷനാണ് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | 2003-04 മുതൽ 2010-11 വരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക അടയ്ക്കുന്നതിന് 2010-11 ൽ പലിശ രഹിത വായ്പയായി സർക്കാർ അനുവദിച്ച 125.53 കോടി രൂപയാണ് എഴുതിത്തള്ളാൻ തത്വത്തിൽ ധാരണയായിട്ടുള്ളത്. |
| (ഡി) | ഗ്യാരണ്ടി കമ്മീഷൻ എങ്ങനെ തീർപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2003 ലെ ഗ്യാരന്റി ആക്റ്റിലും, സർക്കാർ ഉത്തരവിലും വേണ്ട ഭേദഗതി വരുത്തി നിലവിലുള്ള 0.75% നെക്കാളും കുറഞ്ഞ നിരക്കിൽ ഒറ്റത്തവണ വ്യവസ്ഥയിൽ ബാങ്കിൽ നിന്നും ഗ്യാരന്റി കമ്മീഷൻ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ